ലൈക് പേജ്

latheefcmmanoor@gmail.com
**ലത്തീഫ് സി.എം. മാണൂർ**

ദുഃഖവും സന്തോഷവും ഇടകലർന്ന ഈ ജീവിതത്തിൽ സമ്പൂർണത കണ്ടെത്താൻ മനുഷ്യന് സാധ്യമല്ല. അവിടെയാണ് മറുലോകത്തിന്റെ സാധ്യതക്ക് നിരീശ്വരവാദികൾ വരെ സമ്മതം മൂളുന്നത്. ഭരണകൂടത്തിനൊപ്പം നീതി ന്യായ വകുപ്പും കൂടി അനീതിക്ക് വേഗത കൂട്ടുമ്പോൾ ഇരകൾക്ക് നീതി ലഭിക്കുന്ന ഒരു ലോകം സാധ്യമാകണം.

# അസ്വസ്ഥ മനസ്സ് യുവതയെ വൃദ്ധരാക്കുന്നു

'we look before and after
and pine for what is not'

ബ്രിട്ടീഷ് കവി പി.ബി ഷെല്ലിയുടെ 'Ode to a Skylark' എന്ന കവിതയിലെ വരികളാണ് മുകളിലുദ്ധരിച്ചത്. അതിന്റെ ആശയം ഇങ്ങനെയാണ്: "മനുഷ്യൻ ഭാവിയെ കുറിച്ച് ഉത്കണ്ഠാകുലനും, കഴിഞ്ഞുപോയതിനെ കുറിച്ച് ചിന്തിച്ച് വിഷമിക്കുന്നവനും ഒരിക്കലും ലഭ്യമല്ലാത്തതിനെ അതിയായി ആഗ്രഹിക്കുന്നവനുമാണ്."

ഭൗതികതയുടെ നശ്വരതയിൽ തളച്ചിട്ട ഒരു സമൂഹത്തിനെതിരെയുള്ള പരിഹാസ വാക്കുകളാണിവ. ശാസ്ത്രവും സാങ്കേതികവിദ്യയും എത്ര പുരോഗമിച്ചിട്ടും മനുഷ്യൻ ഇപ്പോഴും കാലത്തിന്റെ തടവറയിലാണ്. ഭൂതകാലത്തെ പിഴവുകളെ ഓർത്ത് വിലപിക്കുന്നു. ഇന്നലെകളിലേക്ക് തിരിച്ചുപോകാൻ ഇനി സാധ്യമല്ല എന്ന് തിരിച്ചറിഞ്ഞിട്ടും കഴിഞ്ഞകാലത്ത് സാധ്യമാകുമായിരുന്ന ശരികളെ ചികഞ്ഞെടുത്ത് നിലവിലെ ജീവിതത്തെ അസ്വസ്ഥമാക്കുന്നു. ഇന്നലെകളിലെ പിഴവുകൾ അടിതെറ്റാത്ത നാളെയുടെ ഗോവണിക്ക് കരുത്ത് പകരുകയാണ് വേണ്ടത്. ഭാവി, അത് ഇതുവരെ എത്തിയിട്ടില്ല. എത്തുമ്പോൾ അതിൽ നാം ഉണ്ടാകുമെന്ന് ഉറപ്പുമില്ല. എന്നാലും മനുഷ്യൻ വരാനിരിക്കുന്ന കാലത്തിലെ സംഘർഷങ്ങളെ മുൻകൂട്ടി അനുമാനിച്ച് ഇപ്പോഴേ മനസ്സ് വിഷമിപ്പിക്കുന്നു. ഓർക്കുക, നഷ്ടപ്പെടുന്നത് ഭാവിക്കൊപ്പം വർത്തമാനവും കൂടിയാണ്. നാം അനുമാനിച്ചെടുത്ത സംഘർഷങ്ങൾ വരും കാലങ്ങളിൽ നാം കരുതിയതിലും എളുപ്പത്തിൽ നടന്നേക്കാം. അപ്പോഴേക്കും അനാവശ്യ മാനസിക വിഷമം നമ്മെ നിത്യരോഗികളാക്കി മാറ്റിയിട്ടുണ്ടാകും. വിശ്വാസ ദൗർബല്യമാണ് ഇങ്ങനെയുള്ള അസ്ഥിര മനസ്സുകൾക്ക് കാരണം. ഭൂതകാലത്തിൽ സംഭവിച്ച പിഴവുകൾക്ക് ക്ഷമാപണം നടത്തി ബാക്കിയെല്ലാം ദൈവത്തിലർപ്പിച്ച് ജീവിച്ചാൽ ഇവിടെ സമാധാനവും മറു ലോകത്ത് വിജയവും സാധ്യമാക്കാം. അല്ലെങ്കിൽ ഇരു ലോകവും നഷ്ടപ്പെട്ട ഹതഭാഗ്യരിൽ നമ്മുടെ ജീവിതവും തളക്കപ്പെടും.

ദുഃഖവും സന്തോഷവും ഇടകലർന്ന ഈ ജീവിതത്തിൽ സമ്പൂർണത കണ്ടെത്താൻ മനുഷ്യന് സാധ്യമല്ല. അവിടെയാണ് മറുലോകത്തിന്റെ സാധ്യതക്ക് നിരീശ്വരവാദികൾ വരെ സമ്മതം മൂളുന്നത്. ഭരണകൂടത്തിനൊപ്പം നീതി ന്യായ വകുപ്പും കൂടി അനീതിക്ക് വേഗത കൂട്ടുമ്പോൾ ഇരകൾക്ക് നീതി ലഭിക്കുന്ന ഒരു ലോകം സാധ്യമാകണം. ദാരിദ്ര്യത്തിലും വൈരൂപ്യത്തിലും പിറന്നു വീണ് അതിലൂടെ തന്നെ ജീവിച്ചു തീർത്തവർക്ക് മുന്തിയ ഒരു ജീവിതം ലഭ്യമാകണം.

ഭൗതിക ജീവിതം ഒരു പരീക്ഷണശാലയാണ്. വിശുദ്ധ ഖുർആനിലെ *സൂറഃ അൽബഖറ*യിൽ ഒരു വചനമുണ്ട്. അതിന്റെ ആശയം ഇങ്ങനെയാണ്: "ശത്രുക്കളിൽ നിന്നുള്ള ഭീതി കൊണ്ടും വിശപ്പ്, സാമ്പത്തിക നഷ്ടം, പ്രിയപ്പെട്ടവരുടെ മരണം, പഴവർഗങ്ങളുടെ അപര്യാപ്തത എന്നിവ കൊണ്ടും നിങ്ങളെ ഞാൻ പരീക്ഷിക്കും, ഇതിൽ ക്ഷമിക്കുന്നവർക്ക് വിജയമുണ്ടാകും."

വർത്തമാനകാലത്ത് പ്രത്യേകിച്ചും ഇന്ത്യയിലെ മുസ്‌ലിംകൾ ഭീതിദമായ ഒരു ഭാവിയിലേക്കാണ് ഉറ്റുനോക്കുന്നത്. ഇനി ആരുടെ അരുതായ്മകളെ കൊണ്ടാണാവോ മതേതര ഭാരതത്തിന്റെ മാറിടം ഒന്ന് കൂടി വികൃതമാവുക.

ഉദ്യോഗ തലത്തിലും രാഷ്ട്രീയ തലത്തിലും മുസ്‌ലിം വിരുദ്ധ മനോഭാവമുള്ളവർ പിടിമുറുക്കുമ്പോൾ നീതി നിഷേധിക്കപ്പെടുക സ്വാഭാവികവും, നീതി നടപ്പിലാവുക അസാധാരണ സംഭവമാവുകയും



ചെയ്യുന്നു. ഒരു വിശ്വാസി എന്ന നിലക്ക് ശരീരത്തെ ആത്മഹത്യയിലേക്ക് വലിച്ചെറിയുന്ന തീവ്രനിലപാടിലേക്ക് നീങ്ങുക സാധ്യമല്ല. വിശ്വാസത്തിലധിഷ്ഠിതമായ പ്രവർത്തനവും പ്രാർഥനയുമാണ് ശത്രുവിനെ അതിജയിക്കാനുള്ള ഏക മാർഗം.

തീവ്ര നിലപാടുകൾ ഒന്നിന്റെയും പരിഹാരമല്ല. കൂടുതൽ ശത്രുക്കളെ സൃഷ്ടിക്കനേ ഉപകരിക്കൂ. അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് ആശ വറ്റാതിരിക്കുക. തീർച്ചയായും ഒരോ രാത്രിക്ക് ശേഷവും പ്രഭാതമുണ്ട്. ഇരുട്ടിനെ ഭയപ്പെടേണ്ടതില്ല. രാവിനെയും പകലിനെയും സൃഷ്ടിച്ചവനും പരിപാലിക്കുന്നവനും കൂടെയുണ്ടെങ്കിൽ നിരാശരോ അസ്വസ്ഥരോ ആകേണ്ടതില്ല.

■

Vol. No: 71 Issue No. 09 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla